പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 597** — **28/09/2016-ൽ മറുപടിയ്ക്ക്.**

## പാലിന്റെ ഗുണമേന്മ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എം.മണി | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഒരു ദിവസത്തെ ശരാശരി പാൽ ഉൽപ്പാദനം എത്ര ലിറ്ററാണ് ; | (എ) | ഏകദേശം 77.2 ലക്ഷം ലിറ്റർ |
| (ബി) | പാലിന്റെ ശരാശരി ഉപഭോഗം എത്ര ലിറ്ററാണ്; | (ബി) | ഏകദേശം 87.5 ലക്ഷം ലിറ്റർ |
| (സി) | ഇതരസംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും കൃത്രിമമായി നിർമ്മിക്കുന്ന പാൽ കൊണ്ടുവരുന്നത് തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്? | (സി) | ഇതര സംസ്ഥാനത്തു നിന്ന് കൊണ്ടു വരുന്ന മുഴുവൻ പാലിന്റെയും ഗുണ നിലവാരം പരിശോധിയ്ക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഓണക്കാലത്ത് മാത്രമായി താൽക്കാലികമായ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഉൾപ്പെടെയുള്ള സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.